# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3457      12.05.2017-ന് മറുപടിയ്ക്ക്

## പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം :<br>ശ്രീ. സി. കെ. ഹരീന്ദ്രൻ :<br>ശ്രീ. ആന്റണി ജോൺ :<br>ശ്രീ. കെ. സുരേഷ് കുറുപ്പ് : | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ ;

(എ) ഉണ്ട്.

(ബി) നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത കോർപ്പറേഷൻ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയാണ് ;

(ബി) കോർപ്പറേഷന്റെ ലക്ഷ്യവിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി നടപ്പിലാക്കി വരുന്ന വായ്പ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വായ്പാ പദ്ധതികൾ |
|---|---|
| 1 | കൃഷിഭൂമി വായ്പ |
| 2 | ഭവന നിർമ്മാണ വായ്പ |
| 3 | ഭൂരഹിത ഭവനരഹിത വായ്പ |
| 4 | ഭവന പുനരുദ്ധാരണ വായ്പ |
| 5 | വിവാഹ വായ്പ |
| 6 | സ്വയംതൊഴിൽ വായ്പ |
| 7 | വിദ്യാഭ്യാസ വായ്പ |
| 8 | വ്യക്തിഗത വായ്പ |
| 9 | സർക്കാർ/അർദ്ധസർക്കാർ ഉദ്യോഗസ്ഥർക്കുള്ള വ്യക്തിഗത വായ്പ |

(.....2)

കൂടാതെ ലക്ഷ്യവിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി, പ്ലസ്സ് ടു പരീക്ഷകളിൽ ഉന്നതവിജയം (ഫസ്റ്റ് ക്ലാസ്സ് / ഡിസ്റ്റിംഗ്ഷൻ) കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ പ്രോത്സാഹന സമ്മാനവും ലക്ഷ്യവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ /എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ പരിശീലനം നേടുന്നതിന് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് ഇനത്തിൽ 40,000/- രൂപ വരെ ധനസഹായവും നൽകി വരുന്നു.

(സി) കോർപ്പറേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക സ്രോതസ്സ് ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയും വായ്പാ പദ്ധതികളുടെ തിരിച്ചടവിനത്തിൽ ലഭിക്കുന്ന തുകയുമാണ് കോർപ്പറേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക സ്രോതസ്സ്.

(ഡി) പ്രസ്തുത കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്ത മാരക രോഗികളുടെയും മരണപ്പെട്ടവരുടെയും വായ്പകൾ എഴുതിത്തള്ളാൻ പദ്ധതിയുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) നിലവിൽ മരണപ്പെട്ട ഗുണഭോക്താവിന്റെ നിലനിൽക്കുന്ന വായ്പയിൽ പലിശയും പിഴപ്പലിശയും പൂർണ്ണമായും, 25,000/- രൂപ വരെ മുതലും എഴുതിത്തള്ളാനുള്ള പദ്ധതി മാത്രമാണ് നടപ്പിലാക്കി വരുന്നത്.

(ഇ) കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ലക്ഷ്യവിഭാഗത്തിന്റെ ഉന്നമനത്തിനായി ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്താൻ ഇതു സംബന്ധിച്ച് വിലയിരുത്തലുകൾ കാലാകാലങ്ങളിൽ നടത്താൻ നടപടി സ്വീകരിക്കുമോ ?

(ഇ) കോർപ്പറേഷന്റെ വിവിധ പദ്ധതികളുടെ വിനിയോഗം ഫലപ്രദമാണെന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**